# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 607/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 02/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 607/2021 തീയ്യതി: 02/10/2021

## പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺകുമാർ എസ്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ(09.08.2021മുതൽ 18.08.2021 വരെ)

ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ(24.08.2021മുതൽ 31.08.2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം.വി അമ്പിളി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പി.എ).ഷാജു | സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ പി.സിജു | സെക്രട്ടറി | 26-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അജുദേവ് വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 15-12-2019 |
| ശ്രീ പ്രമോജ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീമതി ആര്യ എസ്സ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ബിനിരാജ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ അരുൺ പ്രതാപ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ ലക്ഷ്മി പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി റീന പദ്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 05-12-2020 |
| ശ്രീമതി ശാന്തകുമാരിയമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-12-2019 | 31-03-2020 |
| ശ്രീ അനന്തു ജെ.എം | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 22-01-2020 |
| ശ്രീമതി സൗമ്യ | അസിസ്റ്റന്റ് എൻജിനിയർ(പൂർണ്ണ അധിക ചുമതല) | 23-01-2020 | 31-03-2020 |
| ശ്രീ സിബി മാത്യൂസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ അനിൽകുമാർ എം ആർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ വി സി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ അനിയൻ എ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: Johncy John (Computer Assistant, On 02-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: Johncy John (Computer Assistant, On 02-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 1.12 കോടി രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4-1 |
| 6 | ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4-2 |
| 7 | പദ്ധതി അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T Anilkumar (Audit Officer (HG), On 24-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-10 |
| 13 | ഇ-ടെണ്ടർ ഫീസ് - എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-11 |
| 14 | വെറ്ററനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-12 |
| 15 | കരാർ ലംഘനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-13 |
| 16 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച | 1-14 |

| | | |
|---|---|---|
| | Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | |
| 17 | പാർട്ട് ബിൽ കൈപ്പറ്റി പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടിയില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-15 |
| 18 | സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-16 |
| 19 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽനിന്നും നിയമപ്രകാരം പിഴ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-17 |
| 20 | കരാർ ഉടമ്പടി വയ്ക്കുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-18 |
| 21 | എഫ്.എച്ച്.സി. മെയിന്റനൻസ് - മേൽകൂര പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച ഓടും തടിയുരുപ്പടികളും ലേലം ചെയ്തില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-19 |
| 22 | വൃദ്ധർക്ക് കട്ടിൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Veena C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-20 |
| 23 | പകൽ വീട് ഫർണ്ണിഷിംഗ്-അപാകതകൾ<br>Written By: Veena C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-21 |
| 24 | അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം ; സാമൂഹ്യ നീതി വകുപ്പിന് 3.44 ലക്ഷം രൂപ നൽകിയില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-22 |
| 25 | കാഡ്ക്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-23 |
| 26 | കുട്ടികൾക്ക് യോഗപരിശീലനം-അധികപ്രതിഫലം നൽകി<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-24 |
| 27 | മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-25 |
| 28 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവുകളുടെ വിശദാംശം ലഭ്യമാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-26 |
| 29 | അസി.എഞ്ചിനീയർ സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-27 |
| 30 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു | 1-29 |

| | | |
|---|---|---|
| | Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: T Anilkumar (Audit Officer (HG), On 05-09-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Veena C (Asst. Audit Officer, On 28-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്.

ഓഡിറ്റ് വർഷത്തെ ബജറ്റ് 15.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 03.03.2020-ലെ -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- NREGA ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 229 രൂപയും പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 289 രൂപയാണ്. വ്യത്യാസം റെക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

3) ഷെഡ്യൂൾ B4- SSA ഇനത്തിൽ 182771 രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തൻവർഷം പലിശയിനത്തിൽ 5848 രൂപ വരവുണ്ട്. ചെലവില്ല. മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിച്ചിരിക്കുകയാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

4) ഷെഡ്യൂൾ B4- Flood Relief Grant ഇനത്തിൽ 4232 രൂപ അവശേഷിച്ചിരിക്കുന്നു. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. മുൻ വർഷവും പ്രസ്തുത തുക തന്നെ നീക്കിബാക്കിയായി കാണിച്ചിരുന്നു. ടി തുക ക്രമീകരിക്കേണ്ടതാണ്.

5) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200399) 24410 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.

6)ഷെഡ്യൂൾ B-5:- Secured Loans ഇനത്തിൽ 1864550 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ തൻവർഷം ടി ഇനത്തിൽ Source Deduction നടത്തിയിട്ടുണ്ട്. പ്രസ്തുത തുക Income & Expenditure ഷെഡ്യൂളിലോ Receipt & Payment ഷെഡ്യൂളിലോ കാണിച്ചിട്ടില്ല.

8)ഷെഡ്യൂൾ B-9:- ലൈബ്രറി സെസ് ഇനത്തിൽ തൻവർഷം ലഭിച്ച തുക പൂർണ്ണമായും അടവാക്കിയില്ല.

9) ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി റോഡുകൾ കോൺക്രീറ്റ് ചെയ്തുവെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

10) ഷെഡ്യൂൾ B-11:- Drinking Water- Pipe Lines ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

11) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യാക്കേണ്ടതാണ്.

13) ഷെഡ്യൂൾ RP-1:- തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ടി ഇനത്തിലെ കളക്ഷൻ തുക 888620 രൂപ. എന്നാൽ RP-1 പ്രകാരമുള്ള കളക്ഷൻ തുക 874370രൂപയാണ്. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി (ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക) Receipt & Payment ഷെഡ്യൂളിൽ കൃത്യമായി വരവ് രേഖപ്പെടുത്താത്തത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ആയത് ക്രമീകരിക്കേണ്ടതാണ്.

14) ഷെഡ്യൂൾ RP-29: പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ് ,നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

15) ഷെഡ്യൂൾ RP-26:- Prior Period Item- തൊഴിൽ നികുതി ഇനത്തിൽ 1850 രൂപ മൈനസ് എൻട്രിയായി കാണിച്ചിരിക്കുന്നു.

16) ഷെഡ്യൂൾ RP-43:- ഷെഡ്യൂൾ B-9 പ്രകാരം അഡ്വാൻസ് കളക്ഷൻ തുക 23500 രൂപയും ഷെഡ്യൂൾ RP-43 പ്രകാരം തൻവർഷത്തെ കളക്ഷൻ തുക 39200 രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ തുക 23800 രൂപയും തൻവർഷത്തെ കളക്ഷൻ തുക 38900 രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13066186 |
| വരവ് | 60500619 |
| ആകെ | 73566805 |
| ചെലവ് | 60071314 |
| നീക്കിയിരിപ്പ് | 13495491 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | 'ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) (*) | 0 | 29660000 | 29660000 | 22365228 | 7294772 | 2156054 | 3138718(*) |
| വികസനഫണ്ട് (എസ്.സി.പി)* | 0 | 3982934 | 3982934 | 3014404 | 968530 | 410960 | 54636* |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 169571 | 169571 | 61973 | 107598 | - | 107598 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 21143212 | 21143212 | 5224588 | 15918624 | 6923700 | * |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9481000 | 9481000 | 3123156 | 6357844 | 670092 | 5687752 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7308000 | 7308000 | 4376538 | 2931462 | 665628 | 2265834 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| വിമുക്തി | 45910 | - | 45910 | 21500 | 24410 |
| ശുചിത്വ മിഷൻ | 2338155 | 276000 | 2614155 | 907072 | 1707083 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 4232 | - | 4232 | - | 4232 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 3114 | 29362810 | 29365924 | 29365695 | 299 |
| ഐ.സി.ഡി.എസ്. | 844443 | 607508 | 1451951 | 352604 | 1099347 |

*1) മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉണ്ടായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച അധിക ധനസഹായം ജനറൽ 20 ലക്ഷം രൂപയും എസ്.സി.പി. ഫണ്ട് 502934 രൂപയും യഥാക്രമം വികസന ഫണ്ട് ജനറൽ, എസ്.സി.പി. വരവിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ തുക തൻ വർഷം ചെലവഴിക്കാത്തതിനാൽ 2020-21 വർഷം വീണ്ടും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ലാപ്സായ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക 2020-21 വർഷം അധിക അലോട്ട്മെന്റായി അനുവദിച്ചിട്ടുണ്ട്(15913409/)

## 1-4-1 ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 1.12 കോടി രൂപ

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 13757472 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

| ഗ്രാന്റിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 3138718 |
| വികസനഫണ്ട് (എസ്.സി.പി) | 54636 |
| വികസനഫണ്ട് (ടി.എസ്.പി) | 107598 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 5687752 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 2265834 |
| | 11254538 |

## 1-4-2 ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. ലൈഫ് പ്രോജക്ടിന്റെ മുതൽ തിരിച്ചടവ്, വാട്ടർ ചാർജ് കുടിശ്ശിക തുടങ്ങിയ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് ജനറൽ/എസ്.സി.പി ഫണ്ടുകളുടെ വരവ്, ചെലവ് എന്നിവ കൃത്യമല്ല. സാംഖ്യ പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഈ അപാകതയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക(ലൈഫ് പ്രോജക്ട് മുതൽ തിരിച്ചടവ്, വാട്ടർ ചാർജ് കുടിശ്ശിക) | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| വികസന ഫണ്ട് (ഒന്നാം ഗഡു) | 9220000 | വാട്ടർ ചാർജ് & വൈദ്യുത ചാർജ് കുടിശ്ശിക-3894 | 9216106 | 9216106 |
| വികസന ഫണ്ട് (രണ്ടാം ഗഡു) | 9220000 | ലൈഫ് - 198529<br>വാട്ടർ ചാർജ് കുടിശ്ശിക-2857 | 9018614 | 9018614 |
| വികസന ഫണ്ട് (മൂന്നാം ഗഡു) | 9220000 | ലൈഫ് മുതൽ തിരിച്ചടവ്-198530 | 9021470 | 9021470 |
| വികസന ഫണ്ട്(അധിക ധനസഹായം) | 2000000 | - | 2000000 | 2000000 |
| ആകെ | 29660000 | 403810 | 29256190 | 29256190 |
| വികസന ഫണ്ട്(എസ്.സി.പി) | 1160000 | | 1160000 | 1160000 |

| | | | | |
|---|---|---|---|---|
| (ഒന്നാം ഗഡു) | | | | |
| വികസന ഫണ്ട്(എസ്.സി.പി) (രണ്ടാം ഗഡു) | 1160000 | ലൈഫ് മുതൽ തിരിച്ചടവ്-44118 | 1115882 | 1115882 |
| വികസന ഫണ്ട്(എസ്.സി.പി) (മൂന്നാം ഗഡു) | 1160000 | ലൈഫ് മുതൽ തിരിച്ചടവ്-44117 | 1115883 | 1115883 |
| വികസന ഫണ്ട്(എസ്.സി.പി) (അധിക ഫണ്ട്) | 502934 | - | 502934 | 502934 |
| ആകെ | 3982934 | 88235 | 3894699 | 3894699 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ടിന്റെ വരവ്, ചെലവ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ആകെ വരവ് | | ചെലവ് | |
|---|---|---|---|---|
| | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ) | 29660000 | 29256190 | 22365228 | 21961418 |
| വികസന ഫണ്ട് (എസ്.സി.പി.) | 3982934 | 3894699 | 3014404 | 2926169 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ വരവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകങ്ങൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 283 | 102601177 | 133 | 43925038 | 150 | 42.81 |

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് മോണിട്ടർ ചെയ്യാത്തത് പദ്ധതിപ്പണത്തിന്റെ പാഴ്ചെലവിൽ കലാശിച്ചിട്ടുണ്ട് (ഉദാ: പകൽ വീട് പദ്ധതി, തേക്കുതോട്, തണ്ണിത്തോട് വിപണന കേന്ദ്രങ്ങൾ)

2. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
4. മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ വർക്കുകൾ വ്യാപകമായി സ്പിൽ ഓവറാകുന്നു. യഥാസമയം പ്രവൃത്തി നടത്തുന്നതിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നില്ല.
5. മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ശരിയായ മോണിറ്ററിംഗിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.
6. വ്യക്തി ഗത ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത പാലിക്കുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.
7. സുതാര്യമായ പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിച്ചല്ല ഓഡിറ്റ് വർഷം വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ടെണ്ടർ കൂടാതെ വാങ്ങലുകൾ നടത്തി.
8. ഓഡിറ്റ് വർഷം ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 24,72% ഉം, 42.54% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 60 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 33 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
9. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.
10. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/ പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3114 | 1236862 | 1239976 | 1239747 | 299 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28125948 | 28125948 | 28125948 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 0 | 0 | 0 | 0 |
| ആകെ | 3114 | 29362810 | 29365924 | 29365695 | 229 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1369 | 8067900 |
| വിധവാ പെൻഷൻ | 639 | 3745200 |
| കർഷക തൊഴിലാളി പെൻഷൻ | 423 | 2485800 |
| മാനസിക ശാരീരിക വെല്ലുവിളികൾ | 205 | 1114100 |

| | | |
|---|---|---|
| നേരിടുന്നവർക്കുള്ള പെൻഷൻ | | |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 48000 |
| തൊഴിൽ രഹിത വേതനം | 25 | 25230 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-8-2021,12.30PM -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 26125 (ഇരുപത്തി ആറായിരത്തി നൂറ്റി ഇരുപത്തഞ്ച് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംവിധാനം തൃപ്തികരമാണ്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള ISO സർട്ടിഫിക്കേഷൻ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ഇതിന്റെ കാലാവധി 2022 ഡിസംബറിൽ അവസാനിക്കും. ISO പദവി നിലനിർത്തുന്നതിന് ജാഗ്രതയോടുകൂടിയ തുടർ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതായ ഇൻഫോർമേഷൻ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് ന്യൂനതയാണ്. അതുപോലെ തന്നെ ഫ്രണ്ട് ഓഫീസിൽ വരുന്നവർക്കുള്ള മറ്റ് സൗകര്യങ്ങളും പരിമിതമാണ്. പുതിയ കെട്ടിടത്തിലേക്ക് പഞ്ചായത്ത് മാറ്റി സ്ഥാപിക്കപ്പെട്ടപ്പോൾ റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക നില ശോചനീയമായ അവസ്ഥയിലായതിനാൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, നികുതി ചോർച്ച ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് വക വസ്തുകവകകളുടെ ആധാരങ്ങൾ സൂക്ഷിക്കുകയോ, കരം തീർക്കുകയോ ചെയ്യുന്നില്ല. ആസ്തികളുടെ പരിപാലനത്തിലും ആസ്തി സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിലും പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

മാസ്റ്റർ ഇൻകംബൻസി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. (1983 -ൽ എഴുതിയുണ്ടാക്കിയ രജിസ്റ്ററിൽ പിന്നീട് രേഖപ്പെടുത്തലുകൾ ഇല്ല.). ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2018 | 2012-13 മുതൽ 2015-16വരെ | 09.03.2018 |
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 11/2019 മുതൽ 12/2019 വരെ | 28.01.2020 |

## 1-11 ഇ-ടെണ്ടർ ഫീസ് - എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൌണ്ടും തുറന്നിട്ടില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്ത് നാളിതുവരെ ഈടാക്കിയിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടുമില്ല.

ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൌണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ പ്രത്യേകം അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുടങ്ങിയിട്ടില്ല.

മാത്രമല്ല, ഇ-ടെണ്ടർ ഫാറം വില ഇനത്തിൽ 2016-17 മുതൽ നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുക പഞ്ചായത്തിന് മടക്കി ലഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ഈ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽനിന്നും പഞ്ചായത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിച്ചിട്ടില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം അക്കൌണ്ട് തുടങ്ങേണ്ടതും നാളിതുവരെ പഞ്ചായത്ത് ഈടാക്കിയിട്ടുള്ള ഇ-ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽനിന്നും മടക്കി ലഭിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വെറ്ററനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

(1) രേഖകൾ സൂക്ഷിക്കുന്നതിലെ വീഴ്ച

2020-21 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ TR7A ക്യാഷ് ബുക്കും, പ്രോജക്ട് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ (G.O.(P)No.177/06, Dt. 12.04.2006) പറഞ്ഞിട്ടുള്ള മാതൃകയിൽ ക്യാഷ് ബുക്കും, പ്രോജക്ട് രജിസ്റ്ററും സൂക്ഷിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

(2) ഉരുക്കളെ വാങ്ങി വിതരണം ചെയ്തതിൽ സുതാര്യതയില്ല

വനിതകൾക്ക് പശുവളർത്തൽ എന്ന പദ്ധതിയുടെ ഭാഗമായി ഇടനിലക്കാർ മുഖാന്തിരം 54.60 ലക്ഷം രൂപ ചെലവഴിച്ച് 91 പശുക്കളെയാണ് വെറ്ററിനറി സർജൻ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ശ്രീമതി ഫർസാന, സുലൈമാൻ മൻസിൽ, കൊട്ടിയം എന്ന വ്യക്തിയിൽനിന്നാണ് ഇത്രയും പശുക്കളെ വാങ്ങിയിട്ടുള്ളത്. ഇവരെ സപ്ലൈറായി തെരഞ്ഞെടുത്തിട്ടുള്ളത് സുതാര്യമായ പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെയാണ്. ഇവർ സ്വന്തമായി ഫാം നടത്തി ഉരുക്കളെ സപ്ലൈ ചെയ്യുന്ന വ്യക്തിയല്ല. മറിച്ച് മാർക്കറ്റിൽനിന്നും ഉരുക്കളെ സമാഹരിച്ച് കച്ചവടം ചെയ്യുന്ന കമ്മീഷൻ ഏജന്റാണെന്നാണ് മനസ്സിലാകുന്നത്. വെറ്ററിനറി സർജൻ കൺവീനറായി പേരിനൊരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിരുന്നെങ്കിലും പർച്ചേസ് കമ്മിറ്റിയ്ക്ക് ഈ ഇടപാടിൽ പങ്കൊന്നും ഉണ്ടായിരുന്നില്ലെന്നാണ് വ്യക്തമാകുന്നത്. പ്രോക്യൂർമെന്റ് മാന്വലിലെയും, സബ്സിഡി മാർഗ്ഗരേഖയിലെയും വ്യവസ്ഥകൾക്ക് വിപരീതമായാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പ്രോജക്ട് മോണിട്ടറിംഗും ഫലപ്രദമായിരുന്നില്ല.

ഇനം, പ്രായം, ലഭിക്കുന്ന പാലിന്റെ അളവ് തുടങ്ങിയ മാനദണ്ഡങ്ങൾ ഒന്നും ഇല്ലാതെ എല്ലാ ഉരുക്കൾക്കും ഒരേ വിലതന്നെയാണ് (₹60000) സപ്ലൈർ ഈടാക്കിയിരിക്കുന്നത്. പശുക്കളുടെ ഗുണനിലവാരവും, വിലയും ഒരു വെറ്ററിനറി സർജൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിലയിൽ 27500 രൂപ പഞ്ചയത്തിന്റെ സബ്സിഡിയും ബാക്കി ഗുണഭോക്തൃവിഹിതവുമാണ്. ഗുണഭോക്തൃ വിഹിതമായി 32500 രൂപ പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങിയവർക്കാണ് പശുക്കളെ വിതരണം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ ലക്ഷ്യമിട്ട 91 ഗുണഭോക്താക്കളും ഗുണഭോക്തൃവിഹിതം ഒടുക്കി ആനുകൂല്യം വാങ്ങിയതായും, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്നും കരാർ എഴുതി വാങ്ങിയിട്ടില്ല. കൈയ്യൊപ്പിട്ട് ആധികാരികമാക്കാത്തതും, വ്യവസ്ഥകൾ എഴുതി പൂർത്തിയാക്കാത്തതോ ശൂന്യമായതോ ആയ മുദ്രപത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രൊക്യുവർമെന്റ് നടപടിക്രമങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ വാങ്ങൽ നടത്തിയത് ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പദ്ധതി മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിനും പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

(3) വനിതാ ഘടക പദ്ധതിയുടെ ആനുകൂല്യം പുരുഷൻമാർക്ക് നൽകി

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ വനിതകൾക്ക് പശുവളർത്തൽ (28/20) എന്ന പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയുടെ ആനുകൂല്യം 3 പുരുഷൻമാർക്ക് വിതരണം ചെയ്തു. സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ എന്തെല്ലാമെന്ന്

മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. കുടുംബത്തിലെ സ്ത്രീക്കും, പുരുഷനും ഒരുപോലെ പ്രയോജനം കിട്ടുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ല. ജീവനോപാധികൾ വിതരണം ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ വനിതകൾ ഗൃഹനാഥകളായ കുടുംബങ്ങളെ വേണം വനിതാ ഘടകപദ്ധതിയിൽ ഗുണഭോക്താക്കളാക്കേണ്ടത്. എന്നാൽ സ്ത്രീ ഗൃഹനാഥയായ കുടുംബങ്ങൾക്കല്ല ടി പദ്ധതികളുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഈ അപാകതയ്ക്ക് പുറമേയാണ് ഈ പദ്ധതിയുടെ ആനുകൂല്യം പുരുഷൻമാർക്ക് നൽകിയത്. ആനുകൂല്യം ലഭിച്ച പുരുഷൻമാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം ലഭിച്ച പുരുഷൻമാർ | ലഭിച്ച സബ്സിഡി |
|---|---|---|
| 1 | ശ്രീ തോമസ്കുട്ടി, താന്നിമൂട്ടിൽ (വാർഡ് 2) | 27500 |
| 2 | ശ്രീ ചാക്കോ ബാബു, കടമ്പാട്ട് (വാർഡ് 11) | 27500 |
| 3 | ശ്രീ നടരാജപിള്ള, മുട്ടത്തിൽ വീട് (വാർഡ് 1) | 27500 |

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് പശുവളർത്തൽ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചതിനുശേഷം ഗുണഭോക്താക്കളായി പുരുഷൻമാരെ തെരഞ്ഞെടുത്ത് നൽകിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് അധികൃതർ ജാഗ്രത കാണിക്കേണ്ടതാണ്.

## 1-13 കരാർ ലംഘനം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

മുൻ വർഷങ്ങളിൽ കരാർ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ടെണ്ടർ തീയതി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നം. തീയതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1. | 223/20 | തലമാനം കോളനി ജിജിഭവനം പടി റോഡ് കോൺക്രീറ്റിംഗ് (അമ്പലംപടി അമ്പാട്ടുഴത്തിൽ പടി വാർഡ് 9) | 300000 | 23.07.18 | ശ്രീ. സജികുമാർ പി.എസ്. | 39/18-19 14.09.08 | പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 2. | 228/20 | ജി.ഡബ്ല്യൂ.യു.പി. എസിൽ ഡി.ആർ.കെട്ട് (വാർഡ് 12) | 50000 | 09.11.18 | ശ്രീ പ്രവീൺ പ്രസാദ് | 82/18-19 11.12.18 | പ്രവൃത്തി ഉപേക്ഷിച്ചു |
| 3. | 229/20 | ലക്ഷം വീടിന് സമീപം ഡി.ആർ. (വാർഡ് 12) | 50000 | 14.11.18 | ശ്രീ സജികുമാർ പി.എസ്. | 86/18-19 17.12.18 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4. | 237/20 | താഴെപൂച്ചക്കുളം റോഡ് താഴെപുരയിടം പടി ഐറിഷ് ഓട (വാർഡ് 3) | 100000 | 02.09.18 | ശ്രീ സജികുമാർ പി.എസ്. | 34/18-19 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5. | 244/20 | ജവഹർ റോഡിൽ കൊട്ടുംതറ പടിയിൽ ഡി.ആർ. | 202000 | 27.09.18 | ശ്രീ സജികുമാർ പി.എസ്. | 70/18-19 08.11.18 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നിർമ്മാണം (വാർഡ് 5) | | | | | |
| 6. | 248/20 | തണ്ണിത്തോട് മൂഴി കെ.കെ.പാറ റോഡ് പാങ്ങാട്ട് പടി കലുങ്ക് നിർമ്മാണം (വാർഡ് 11) | 100000 | 14.11.18 | ശ്രീ ബെന്നി പി.ജെ. | 77/18-19 06.12.18 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 7. | 254/20 | പകൽ വീടിന് പ്ലംബിംഗ് അനുബന്ധ പ്രവർത്തികൾ | 140000 | 14.11.18 | ശ്രീ സജികുമാർ പി.എസ്. | 85/18-19 | 50% പൂർത്തീകരിച്ചു |
| 8. | 258/20 | താഴെപറക്കുളം റോഡിൽ പാലക്കശ്ശേരിൽപടി കലുങ്ക് (വാർഡ് 7) | 200000 | 29.09.18 | ശ്രീ രാജേന്ദ്രൻ കെ.എൻ. | 53/18-19 26.10.18 | പ്രവൃത്തി ഉപേക്ഷിച്ചു |
| 9. | 259/20 | വടക്കേക്കര ഓലിക്കൽപടി പഞ്ചായത്ത് കിണർ മെയിന്റനൻസ് (വാർഡ് 7) | 20000 | കൺവീനർ പ്രവൃത്തി | ശ്രീ വിനീഷ് എം.വി. | 102/18-19 27.02.19 | 90% പൂർത്തിയാക്കി |
| 10. | 262 | കരിമാൻതോട് പ്രീയദർശിനി റോഡിൽ മുരുപ്പേൽപടി സംരക്ഷണഭിത്തി നിർമ്മാണം | 100000 | 14.11.18 | ശ്രീ സജികുമാർ പി.എസ്. | 88/18-19 17.12.18 | പ്രവൃത്തി ആരംഭിച്ചു |
| 11. | 264/20 | അശോക വിലാസം റോഡ് അശോക വിലാസംപടി ഡി.ആർ. കോൺക്രീറ്റ് | 200000 | 04.02.20 | ശ്രീ പ്രവീൺ പ്രസാദ് | 87/19-10 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 12. | 247/21 | തണ്ണിത്തോട് മൂഴി കെ.കെ.പാറ റോഡിൽ പാങ്ങാട്ട് പടി കലുങ്ക് നിർമ്മാണം (വാർഡ് 111) | 100000 | 14.11.18 | ശ്രീ ബെന്നി പി.ജെ. | 77/18-19 06.12.18 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 13. | 256/21 | കുടുംബക്ഷേമ ഉപകേന്ദ്രം സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 13) | 498500 | 04.02.20 | ശ്രീ ബൈജു പി.ക. | 91/19-20 27.02.20 | പ്രവൃത്തി ആരംഭിച്ചു |
| 14. | 257/21 | മൃഗാശുപത്രി കൃഷിഭവൻ | 600000 | 24.01.20 | ശ്രീ രാജേഷ് പി.. | 85/19-20 26.02.20 | പ്രവൃത്തി ആരംഭിച്ചു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കെട്ടിടങ്ങൾക്ക് ചുറ്റുമതിലും, ഗേറ്റും | | | | | |
| 15. | 259/21 | കരിമാൻതോട് ഉഷാവിലാസം പടി റോഡ് കോൺക്രീറ്റ്, പാലം കൈവരി നിർമ്മാണം (വാർഡ് 4) | 300000 | 06.08.19 | ശ്രീ പ്രവീൺ പ്രസാദ് | 40/19-20 23.09.19 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 16. | 265/21 | ചാവരുപാണ്ടി റോഡി റീടാറിംഗ് വാർഡ് 10 | 400000 | 06.08.19 | ശ്രീ രാജേന്ദ്രൻ കെ.എൻ. | 07/19-20 26.08.19 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 17. | 294/21 | 87-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് (വാർഡ് 4) | 250000 | 25.01.20 | ശ്രീ ലിന്റോ എം. സൈമൺ | 109/19-20 17.03.20 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 18. | 297/21 | മണ്ണീറ 81-ാം നമ്പർ അങ്കണവാടി സംരക്ഷണഭിത്തി, റൂഫിംഗ് (വാർഡ് 9) | 200000 | 25.01.20 | ശ്രീ പ്രമോദ് റ്റി.പി. | 94/19-20 27.02.20 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 19. | 300/21 | താഴെപാറക്കുളം റോഡിൽ പാലയ്ക്കശ്ശേരിൽ പടി ഡി.ആർ. (വാർഡ് 7) | 200000 | 05.11.19 | ശ്രീ സജികുമാർ പി.എസ്. | 74/19-20 07.01.20 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 20. | 302/21 | തണ്ണിത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം റോഡിൽ പൂട്ടുകട്ട പാകൽ (വാർഡ് 2) | 100000 | 05.11.19 | ശ്രീ പ്രവീൺ പ്രസാദ് | 73/19-20 21.12.19 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 21. | 304/21 | ഏഴാന്തല റോഡിൽ താമരശ്ശേരിൽ പടി കലുങ്ക് (വാർഡ് 6) | 200000 | 05.11.19 | ശ്രീ സജികുമാർ പി.എസ്. | 78/19-20 21.12.219 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 22. | 307/21 | കോട്ട റോഡ് ഡി.ആർ. & കോൺക്രീറ്റ് (വാർഡ് 12) | 200000 | 06.08.19 | ശ്രീ സജികുമാർ പി.എസ്. | 25/19-20 03.09.20 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 23. | 338/21 | അശോക വിലാസം റോഡ് അശോകവിലാസം പടി ഡി.ആർ. കോൺക്രീറ്റിംഗ് | 200000 | 04.02.20 | ശ്രീ പ്രവീൺ പ്രസാദ് | 87/19-20 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ കരാർ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. കരാറുടമ്പടി പ്രകാരം

പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്കുശേഷം കരാർ റദ്ദാക്കുന്നതിനും പ്രവൃത്തി മറ്റൊരു ഏജൻസിവഴി പൂർത്തിയാക്കുന്നതിനും വ്യവസ്ഥയുണ്ട്. അങ്ങനെ മറ്റൊരു ഏജൻസിയെകൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽനിന്നും, ജാമ്യനിക്ഷേപത്തിൽനിന്നും, സ്ഥാവര ജംഗമ സ്വത്തുക്കളിൽനിന്നും വസൂലാക്കുന്നതിന് കരാർ പ്രകാരം പഞ്ചായത്തിന് അധികാരമുണ്ട്. കരാർ വ്യവസ്ഥ ഇപ്രകാരമായിരിക്കെ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ പഞ്ചായത്തിന്റെ ഫണ്ട് ലാപ്സാകുന്നതിന് കാരണക്കാരായ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാത്ത അസി.എഞ്ചിനീയറുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, പഞ്ചായത്തിലെ എക്സിക്യൂട്ടീവ് അധികാരികളുടെയും അറിവോടെയല്ലാതെ കരാറുകാർക്ക് ഇപ്രകാരം അനിശ്ചിതമായി പ്രവൃത്തി നടത്താതെ മുന്നോട്ട് പോകാൻ കഴിയില്ല. ബന്ധപ്പെട്ട കരാറുകാരെ അധികൃതർ പിന്നീടൽ നടപടികളിൽനിന്നും സംരക്ഷിച്ചെന്നുമാത്രമല്ല ഇവർക്ക് തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്തിന്റെ മറ്റ് പ്രവൃത്തികളുടെ കരാറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി 14.92 ലക്ഷം രൂപ അടങ്കലുള്ള 9 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മുടക്കിയ ശ്രീ സജികുമാർ പി.എസ്. എന്ന കരാറുകാരന് 2020-21 വർഷം 3 പ്രവൃത്തികളുടെ കരാർ നൽകിയിട്ടുണ്ട്. അതുപോലെ തന്നെ ശ്രീ ബെന്നി പി.ജെ-യ്ക്ക് 4-ഉം, ശ്രീ രാജേന്ദ്രൻ കെ.എൻ-ന് 6-ഉം കരാറുകൾ നൽകിയിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-14 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഭൂരിഭാഗം പ്രവൃത്തികളും തൻവർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കി. 102601177 രൂപ അടങ്കലുള്ള 180 പ്രോജക്ടുകളായിരുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 56 പ്രവൃത്തികൾ മാത്രമാണ് തൻവർഷം പൂർത്തിയാക്കി പേയ്മെന്റ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം</u>

| ആകെ പ്രവൃത്തികളുടെ എണ്ണം | | | നടപ്പാക്കിയ പ്രവൃത്തികൾ | | | നടപ്പിലാക്കിയ പ്രവൃത്തികളുടെ ശതമാനം |
|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | സ്പിൽ ഓവർ | പുതിയത് | ആകെ | |
| 59 | 121 | 180 | 38 | 17 | 55 | 31% |

<u>ഫണ്ട് വിനിയോഗം</u>

| വകയിരുത്തിയ ഫണ്ട് | ചലവ് | ചെലവ് ശതമാനം |
|---|---|---|
| 102601177 | 43925038 | 42.81 |

പശ്ചാത്തല മേഖലയിൽ, പ്രത്യേകിച്ചും റോഡ് പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷം രൂപയിൽ കുറവായിരുന്നു. 180 പ്രജക്ടുകളിൽ കേവലം 17 എണ്ണത്തിനു മാത്രമായിരുന്നു 5 ലക്ഷവും, അതിൽ കൂടുതലും അടങ്കലുണ്ടായിരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കലുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിമൂലം ഭൂരിഭാഗം പ്രവർത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ സ്പിൽ ഓവറാകുന്നു. കൂടാതെ പഞ്ചായത്തിൽ മരാമത്ത് പണികൾ സ്ഥിരമായി കരാറെടുക്കുന്ന ചില വ്യക്തികൾ കരാറിലേർപ്പെട്ടതിനുശേഷം വർഷങ്ങളോളം പണിനടത്താതെ പ്രോജക്ടുകൾ നീട്ടികൊണ്ടുപോകുന്ന സ്ഥിതിവിശേഷവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഖണ്ഡിക 1-13 കാണുക.) 2018-19, 2019-20 വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച 25 പ്രവൃത്തികൾ ഇപ്രകാരം ഓഡിറ്റ് തീയതിയിലും പൂർത്തിയാക്കാതെ അവശേഷിക്കുന്നതായി കണ്ടു (പ്രോജ നം. 20/19, 47/19, 50/19, 77/19, 93/19, 95/19, 133/19, 150/19, 151/19, 163/19, 207/19, 215/19, 230/19, 50/20, 51/20, 58/20, 72/20, 135/20, 138/20, 147/20, 269/20, 275/20, 285/20, 317/20, 331/20). ഇതിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത പ്രവൃത്തികളാണ് ഏറെയും. എന്നാൽ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ കരാർ വ്യവസ്ഥ പ്രകാരമുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചു കണ്ടില്ല.

മരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്ന വ്യക്തികൾ പ്രവൃത്തികൾ അനന്തമായി നീട്ടികൊണ്ടുപോകുന്ന പ്രവണതയ്ക്ക് തടയിടുന്നതിന് കരാർ റദ്ദ് ചെയ്ത് ഇവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം

പൂർത്തിയാക്കുന്നതുൾപ്പടെയുള്ള കർശന നപടികൾ പഞ്ചയത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതാണ്. കൂടാതെ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിന് തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പാർട്ട് ബിൽ കൈപ്പറ്റി പ്രവൃത്തി ഉപേക്ഷിച്ച കരാറുകാർക്കെതിരെ നടപടിയില്ല

2019-20 സാമ്പത്തിക വർഷം പാർട്ട് ബിൽ സമർപ്പിച്ച് തുക കൈപ്പറ്റിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാകരാറുകരന്റെ പേര്, കരാർ നം., തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പാർട്ട് ബിൽ നൽകിയ തീയതി | പാർട്ട് ബിൽ തുക |
|---|---|---|---|---|---|---|
| 1 | 288/20 | വേക്കൽ പടി കളക്കാട്ട് പടി റോഡ് കോൺക്രീറ്റിംഗ് (അടങ്കൽ - 250000) | ശ്രീ ബന്നി പി.ജെ. (41/AE/LSGD/TND/18-19, Dtd. 14.09.18 | 14.01.19 | 31.12.19 | 119433 |
| 2 | 249/20 | ജി.ഡബ്ല്യൂ.യു.പി.എസ്സിൽ കഞ്ഞിപ്പുര മെയിന്റനൻസ് (അടങ്കൽ - 260000) | ശ്രീ ഗോപാലൻ എൻ.വി. (90/AE/LSGD/TND/2018-19, Dtd.17.01.19) | 17.07.19 | 30.03.20 | 109059 |

2018-19 സാമ്പത്തിക വർഷം എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ച ടി പ്രവൃത്തികൾ എഗ്രിമെന്റ് കാലയളവിൽ പൂർത്തിയാക്കിയില്ലെന്നുമാത്രമല്ല പാർട്ട് ബിൽ കൈപ്പറ്റി കരാറുകാർ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല. ൽ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ ചട്ടപ്രകാരമുള്ള യാതൊരു തുടർനടപടികളും അസി.എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നും കൂടാതെ ടി കരാറുകാരിൽനിന്നും ജാമ്യനിക്ഷേപമായി സ്വീകരിച്ചിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ മടക്കി നല്കിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന് ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി, രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. കരാർ വ്യവസ്ഥകൾ പാലിച്ച് ടി കരാറുകൾ റദ്ദ് ചെയ്ത് മറ്റൊരു ഏജൻസി മുഖാന്തിരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, അതുമൂലമുണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരനിൽനിന്നും വസൂലാക്കുന്നതിനും അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു

സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. കൂടാതെ 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഈ ഉത്തരവിനോടൊപ്പം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിൽനിന്നും ജി.എസ്.ടി. കോമ്പൻസേഷന് കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ മേൽ പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര്, വിലാസം | പ്രവൃത്തി മൂല്യം | കൈപ്പറ്റിയ GST കോമ്പൻസേഷൻ |
|---|---|---|---|---|---|
| 1 | 62/20 | മൂർത്തിമൺ കൂടാരത്തിൽപ്പടി തേക്കടപടി | ശ്രീ ബന്നി പി.ജെ. | 177880 | 2134 |

| | | | | | |
|---|---|---|---|---|---|
| | | റോഡ് കേൺക്രീറ്റിംഗ് | | | |
| 2 | 108/20 | താഴേ പറക്കുളം റേഡിൽ മംഗലത്ത് പടി ഡി.ആർ. (വാർഡ് 7) | ശ്രീ പ്രമോദ് റ്റി.പി. | 38193 | 4583 |
| 3 | 316/20 | ഫോറസ്റ്റ് സ്റ്റേഷൻ കറുകയിൽപടി റോഡ് റീ കോൺക്രീറ്റിംഗ് | ശ്രീ ബൈജു പി.കെ. | 63351 | 7602 |
| 4 | 109/20 | മാർത്തോമ ജംഗ്ഷൻ മേലേപറക്കുളം റോഡ് കണ്ടം കുളത്ത് മണ്ണിൽപടി ഡി.ആർ. | ശ്രീ പ്രമോദ് റ്റി.പി. | 129735 | 15568 |
| 5 | 70/20 | തകിടിയിൽ പടി റോഡ് ഇളംപള്ളി പടി റെഡ് ഡി.ആർ. | ശ്രീ ബൈജു പി.കെ. | 82528 | 9903 |
| 6 | 68/20 | പാലമൂട്ടിൽപടി സംരക്ഷണഭിത്തി | ശ്രീ ബൈജു പി.കെ. | 88115 | 10574 |
| 7 | 67/20 | പാലമൂട്ടിൽപടി കോൺക്രീറ്റിംഗ് | ശ്രീ ബൈജു പി.കെ. | 263527 | 31623 |
| 8 | 268/20 | ഫോറസ്റ്റ് സ്റ്റേഷൻ കറുകയിൽപടി റോഡിൽ ഡി.ആർ | ശ്രീ ബൈജു പി.കെ. | 266119 | 31934 |
| 9 | 60/20 | ള്ളമ്പാക്കുളം മേതട്ടു കോതകത്തുപടി ഡി.ആർ. | ശ്രീ പ്രമോദ് റ്റി.പി. | 133184 | 15982 |
| 10 | 77/20 | മഹാദേവർ ക്ഷേത്രം ഇഞ്ചപൊയ്ക റോഡിൽ ഡി.ആർ.റോഡ് പുനരുദ്ധാരണം | ശ്രീ ബെന്നി | 306950 | 36834 |

12% GST കോമ്പൻസേഷൻ നൽകിയ എല്ലാ മരാമത്ത് പ്രവൃത്തികളുടേയും കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫാറം, ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 18/19-20) നൽകിയെങ്കിലും അസി.എഞ്ചിനീയർ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ജി.എസ്.ടി. കെമ്പൻസേഷൻ അനുവദിച്ചത് ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽനിന്നും നിയമപ്രകാരം പിഴ ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2017-18 സാമ്പത്തിക വർഷം എഗ്രിമെന്റ് വെച്ച് 2019-20-ൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതിയാണ് സ്റ്റേഡിയം ജംഗ്ഷൻ പാലം നിർമ്മാണം. ഈ പദ്ധതിയുടെ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. കൂടാതെ എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല.

15.12.17-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 12 മാസമായിരുന്നു. എഗ്രിമെന്റ് പ്രകാരം 15.12.18-ൽ പൂർത്തിയാക്കേണ്ടിയിരുന്ന ഈ പ്രവൃത്തി 19.03.19-ലാണ് കരാറുകാരൻ പൂർത്തിയാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012-ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം കരാറുകാരനിൽ നിന്നും 11570രൂപ പിഴ ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സ്റ്റേഡിയം ജംഗ്ഷൻ പാലം നിർമ്മാണം (136/17-18) |
| അടങ്കൽ | 1500000 |
| കരാറുകാരന്റെ പേര് | ശ്രീ രാജേന്ദ്രൻ കെ.എൻ. |
| എഗ്രിമെന്റ് നം. | 59/AE/LSGD/TND/2017-18, Dtd. 15.12.17 |
| എഗ്രിമെന്റ് പി.എ.സി. | 1156987 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 15.12.18 (12 മാസം) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 19.03.19 |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%) | 11570 |
| അളവ് പുസ്തകം | 31/18-19 |
| ബിൽ നം., തുക | 497/18-19, 27.03.19 |

പിഴ ഇനത്തിലുള്ള 11570 രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്തപക്ഷം ഫൈനൽ ബില്ലിൽനിന്നും നിയമാനുസൃതം പിഴ ഈടാക്കാതിരുന്ന അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-18 കരാർ ഉടമ്പടി വയ്ക്കുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷം ടെണ്ടർ നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ശ്രീ സജികുമാർ പി.എസ്., പുത്തൻ വീട്ടിൽ, തേക്ക്തോട് എന്നയാൾ സമർപ്പിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ 22.11.2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതനുസരിച്ച് 26.11.19-ൽ ടിയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. കരാർ വയ്ക്കേണ്ട അവസാന തീയതി 12.12.2019 ആയിരുന്നു. എന്നാൽ ഈ തീയതിയ്ക്ക് ശേഷമാണ് കരാറുകാരൻ കരാർ ഉടമ്പടി വച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി. മാന്വൽ (പാര 2009.6) പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത കരാറുകാരിൽനിന്നും കരാർ തുകയുടെ 1% പിഴ ഈടാക്കിയതിനുശേഷം വേണം കരാർ ഉടമ്പടി വയ്പിക്കേണ്ടത്.

(കുറഞ്ഞത് 1000 രൂപ എന്ന പരിധിക്ക് വിധേയമായി പരമാവധി ഈടാക്കാവുന്ന പിഴ 25000 രൂപ). എന്നാൽ ടിയാളിൽനിന്നും 1% പിഴ ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം 24/19-20 തീയതി 31.08.2021) പിഴ തുക കരാറുകാരനിൽ നിന്ന് ഈടാക്കിയാണ് എഗ്രിമെന്റ് വച്ചിട്ടുള്ളതെന്ന് അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകി. എന്നാൽ പിഴ ഈടാക്കിയത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയില്ല. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർത്തത് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് വയ്ക്കേണ്ട അവസാന തീയതി | എഗ്രിമന്റ് വെച്ച തീയതി | എഗ്രിമെന്റ് നം. | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ തുക (1%) |
|---|---|---|---|---|---|---|
| 1 | 274/20 - ഏഴാന്തല റോഡിൽ കട്ടച്ചിറ പുതുവേലിൽ പടി കലുങ്ക് (വാർഡ് 6) | 12.12.19 | 07.01.20 | 75/AE/LSGD/TND/19-20 | 178517.97 | 1785 |
| 2 | 276/20 - ഏഴാന്തല റോഡിൽ പടിഞ്ഞാറേ മുല്ലശ്ശേരിൽ പടി കലുങ്ക് (വാർഡ് | 12.12.19 | 07.01.20 | 79/AE/LSGD/TND/19-20 | 177903.39 | 1779 |
| 3 | 147/20 - താഴെ പറക്കുളം റോഡിൽ പാലയ്ക്കശ്ശേരിൽ പടി ഡി.ആർ (വാർഡ് | 12.12.19 | 07.01.20 | 74/AE/LSGD/TND/19-20 | 178566.75 | 1786 |
| 4 | 292/20- എച്ച്.എസ്. ജംഗ്ഷൻ കൊറ്റുവേലിൽപടി ഡി.ആർ. (വാർഡ് 7) | 12.12.19 | 07.01.20 | 77/AE/LSGD/TND/19-20 | 177958.05 | 1780 |
| 5 | 275/20 - ഏഴാന്തല റോഡിൽ താമരശ്ശേരിൽപടി കലുങ്ക് (വാർഡ് 6) | 12.12.19 | 07.01.20 | 78/AE/LSGD/TND/19-20 | 173120.00 | 1731 |
| 6 | 133/20 - തുമ്പാക്കുളം റോഡിൽ പുതുപ്പറമ്പിൽപടി ഡി.ആർ (വാർഡ് 4) | 12.12.19 | 07.01.20 | 76/AE/LSGD/TND/19-20 | 437499.99 | 4375 |
| | ആകെ | | | | | 14236 |

ബന്ധപ്പെട്ട കരാറുകാരനിൽനിന്നും 14236 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-19 എഫ്.എച്ച്.സി. മെയിന്റനൻസ് - മേൽക്കൂര പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച ഓട്ടും തടിയുരുപ്പടികളും ലേലം ചെയ്തില്ല

തണ്ണിത്തോട് എഫ്.എച്ച്.സി. മെയിന്റനൻസിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ ഓട്ടുകളും, തടി ഉരുപ്പടികളും ലേലം ചെയ്യാതിരുന്ന ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 75 പ്രകാരം തണ്ണിത്തോട് എഫ്.എച്ച്.സി. മെയിന്റനൻസ് നടത്തുന്നതിന് 20 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കി (കരാറുകാരൻ - ശ്രീ എം.രാജശേഖരൻ നായർ). എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഓട്ടുകളും കഴുക്കോൽ, പട്ടിക എന്നിവ പൊളിച്ച് മാറ്റി GI സ്ക്വയർ ട്യൂബ് സെക്ഷനിൽ ട്രസ്സ് വർക്ക് ചെയ്ത് GS ഷീറ്റ് മേയുന്നതിനും ടൈൽ ഇടുന്നതിനും മറ്റുമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഇനം 1, 2 എന്നിവ പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചുമാറ്റുന്നതിന് ചുവടെ ചേർക്കും പ്രകാരം 26635 രൂപ ചെലവഴിച്ചിട്ടുണ്ട്.

| Ityem No. | Particulars | Qty. | Rate | Total Value |
|---|---|---|---|---|
| 1 | 15.31 Dismantling Tiled Roofing With Battens, Boaring Etc. Complete Including Stacking Of Serviceable Material And Disposal Of Unserviceable Material Within 50 Metres Lead | 297.03 $M^2$ | 60/$M^2$ | 17821.8 |
| 2 | Dismantling Wood Work In Frames, Trusses, Purlins And Rafters Upto 10 Metres Span And 5 Metres Span And 5 Metres Height Including Stacking The Material Within 50 Metres Lead Of Sectional Area 40 Square Centimetres And Above | 2.518 $M^3$ | 3500/$M^3$ | 8813 |
| | | | | 26634.8 |

പ്രവൃത്തിയുടെ ഭാഗമായി 1900 മാംഗ്ലൂർ പാറ്റേൺ ഓട്ടുകളും, 1.0072$m^3$ ആഞ്ഞിലി തടിയിലുള്ള കഴുക്കോലുകളും അനുബന്ധ ഉരുപ്പടികളും ലഭിച്ചതായി ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട്. മേൽ പറഞ്ഞ പ്രകാരം പൊളിച്ചുമാറ്റിയ മെറ്റീരിയത്സിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തുകയോ, ആയത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. പൊളിച്ച മാറ്റിയ സാധനങ്ങളുടെ മൂല്യം കണക്കാക്കി ആയത് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച അസി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 1-20 വൃദ്ധർക്ക് കട്ടിൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നീ 3 വിഭാഗങ്ങൾക്കും പ്രത്യേകം പ്രോജക്ടുകൾ രൂപീകരിച്ച് കട്ടിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്നും കട്ടിൽ നേരിട്ട് വാങ്ങുകയാണുണ്ടായിട്ടുള്ളത്.

പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 19/2020 | വൃദ്ധർക്ക് കട്ടിൽ(ജനറൽ) | 848250 | 848250 | 4/19.10.2019 |
| 162/2020 | വൃദ്ധർക്ക് കട്ടിൽ(എസ്.സി.പി) | 274050 | 274050 | 7/24.03.2020 |
| 163/2020 | വൃദ്ധർക്ക് കട്ടിൽ(ടി.എസ്.പി) | 65250 | 17398 | 6/30.03.2020 |

3 പ്രോജക്ടുകളിലായി ലഭിച്ചിട്ടുള്ള കട്ടിലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ | കട്ടിലുകളുടെ എണ്ണം |
|---|---|

| | |
|---|---|
| തീയതി | |
| 37/20.08.19 | 88 |
| 52/19.10.19 | 88 |
| 58/06.11.19 | 87 |
| ആകെ | 263 |

സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ 7.11.2019 ലെ ജി.ഒ(ആർ.റ്റി) 47/2019/എസ്.പി.ഡി, 14.11.2019 ലെ ജി.ഒ(ആർ.റ്റി) 48/2019/എസ്.പി.ഡി ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റീൽ, തടി ഫർണ്ണീച്ചറുകളാണ് ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്നും വാങ്ങാവുന്നത്. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനില്ലുള്ള കട്ടിലുകൾ ആണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്ന് കട്ടിൽ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(17/25.08.2021) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. 25.09.2010 ലെ ജി.ഒ(ആർ.റ്റി) നം 45/2010/ എസ്.പി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാഡ്ക്കോയിൽ നിന്നും ടെണ്ടർ കൂടാതെ ഫർണ്ണീച്ചർ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 2019-20 വർഷം ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുള്ള ഫർണ്ണീച്ചറിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഉത്തരവുകൾ സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുള്ളത് പരിശോധിക്കാതെയാണ് 2010 ലെ ഉത്തരവിനെ അടിസ്ഥാനമാക്കി പർച്ചേയ്സ് നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

3 പ്രോജക്ടുകളിലായി വാങ്ങിയിട്ടുള്ള 263 കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ജാതി ഒരു അർഹത മാനദണ്ഡമായിരിക്കെ എസ്.സി, എസ്.ടി പ്രോജക്ടുകളിലെ ഗുണഭോക്താക്കൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റുകളും ഗുണഭോക്താക്കളുടെ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ കട്ടിലുകളുടെ സ്റ്റോക്ക്, വിതരണം എന്നിവ ഓഡിറ്റിൽ പരിശോധിക്കുവാനും അർഹരായ വ്യക്തികൾക്കാണോ ആനുകൂല്യം ലഭിച്ചതെന്ന് ഉറപ്പാക്കാനും സാധിച്ചിട്ടില്ല.

പദ്ധതിയുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ കാരണങ്ങളാൽ 3 പ്രോജക്ടുകളിലായി കട്ടിലുകൾക്ക് ചെലവഴിച്ച തുക 1139698 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-21 പകൽ വീട് ഫർണ്ണീഷിംഗ്-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 195/2020 പകൽ വീട് ഫർണ്ണീഷിംഗ് |
| അടങ്കൽ | 198287 |
| ചെലവ് | 198287 |
| ബിൽ നം/തീയതി | 18051052014201511417 തീയതി 26.03.2019 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പകൽ വീട് ഫർണ്ണീഷിംഗിനായി വാങ്ങിയിട്ടുള്ള ഫർണ്ണീച്ചറിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | Unit Price | GST | | Total Amount |
|---|---|---|---|---|---|---|
| | | | | Rate | Amount | |
| 1 | L Shape Corner Setty Set | 1 | 43500 | 18% | 7830 | 51330 |
| 2 | Steel Glass Door Almirah Of Size 78x36x18 | 2 | 13750 | 18% | 2475 | 32450 |
| 3 | Magazine Display Cupboard With Facility For Keeping Previous Editors | 1 | 12750 | 18% | 2295 | 15045 |
| 4 | Steel Almirah Of Size 78x36x 18 With Front Mirror | 1 | 11250 | 18% | 2025 | 13275 |
| 5 | Reading Table Of Size 6'X2.5'X2.5' | 1 | 4850 | 18% | 873 | 5723 |
| 6 | Glass Teapoy Of Size 4'X2'X1.5 | 1 | 5750 | 18% | 1035 | 6785 |
| 7 | Anjiliwood Cushioned Chair | 8 | 4950 | 18% | 891 | 46728 |

| | | | | | | |
|---|---|---|---|---|---|---|
| 8 | LED TV Wall Fittings ONIDA 32” | 1 | 19990 | 18% | 3598.2 | 23588.2 |
| 9 | Pedestal Fan | 1 | 2850 | 18% | 513 | 3363 |
| | Total | | | | | 198287.2 |

സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ 7.11.2019 ലെ ജി.ഒ(ആർ.റ്റി) 47/2019/എസ്.പി.ഡി, 14.11.2019 ലെ ജി.ഒ(ആർ.റ്റി) 48/2019/എസ്.പി.ഡി ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റീൽ, തടി ഫർണ്ണീച്ചറുകളാണ് ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്നും വാങ്ങാൻ കഴിയുന്നത്. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടാത്ത ഫർണ്ണീച്ചർ ആണ് പർച്ചേയ്സ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(17/25.08.2021) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. 25.09.2010 ലെ ജി.ഒ(ആർ.റ്റി) നം 45/2010/ എസ്.പി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാഡ്ക്കോയിൽ നിന്നും ടെണ്ടർ കൂടാതെ ഫർണ്ണീച്ചർ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 2019-20 വർഷം ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുള്ള ഫർണ്ണീച്ചറിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഉത്തരവുകൾ സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുള്ളത് പരിശോധിക്കാതെയാണ് 2010 ലെ ഉത്തരവിനെ അടിസ്ഥാനമാക്കി പർച്ചേയ്സ് നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

വാങ്ങിയ ഫർണ്ണീച്ചറുകൾ പകൽ വീടിനുള്ളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കോവിഡ് സാഹചര്യത്തിൽ പകൽ വീട് പ്രവർത്തിക്കുന്നില്ല. തുടർ നടപടികൾക്കായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം ; സാമൂഹ്യ നീതി വകുപ്പിന് 3.44 ലക്ഷം രൂപ നൽകിയില്ല

അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും 4 മാസത്തെ പ്രതിഫല തുകയായ 344600 രൂപ വീതം 2019-20 വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും സാമൂഹ്യ നീതി വകുപ്പിന്റെ Deduct Head-ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് ജി.ഒ(ആർ.ടി)2772/2019/ഫിൻ തീയതി 03/04/2019, ജി.ഒ(ആർ.ടി)6105/2019/ഫിൻ തീയതി 01.08.2019, ജി.ഒ(ആർ.ടി)10050/2019/ഫിൻ തീയതി 21/12/2019 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2019-20 വർഷം സെക്രട്ടറി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട ആകെ തുക 1033800 (344600x3) ആണ്. എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.ഒ പ്രോജക്ട്, 306/2020, പ്രകാരം വികസന ഫണ്ടിന്റെ രണ്ടും മൂന്നും ഗഡുവിൽ നിന്നും 689200 രൂപ മാത്രമേ (344600x2) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളൂ. വികസന ഫണ്ടിന്റെ ഒന്നാം ഗഡുവിൽ നിന്ന് 344600 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. 2019-20 വർഷം പൊതു വിഭാഗം വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ 3138718 രൂപ ലാപ്സാകുന്ന സാഹചര്യമുണ്ടായിട്ടും ആയത് മാറ്റി നൽകി ഉണ്ടായിട്ടും ആയത് മാറ്റി നൽകി സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/12.08.2021) മറുപടി നൽകിയില്ല. സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ ബാക്കിയുള്ള 344600 രൂപ തുടർന്നുള്ള അലോട്ട്മെന്റിൽ ക്രമീകരിക്കുന്നതിനായി ഇക്കാര്യം ഉചിത മാർഗ്ഗേന ധനകാര്യ വകുപ്പിനെ അറിയിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കാഡ്ക്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചില്ല

മണ്ണീറ ഗവ. ഹോമിയോ ഡിസ്പൻസറി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്നും ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ പർച്ചേയ്സ് ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെയും ഓരോ പ്രോജക്ടിൽ വാങ്ങിയിട്ടുള്ള ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 178/2020 | ആയുർവേദ ആശുപത്രി ഫർണ്ണീഷിംഗ് | 229000 | 229000 | 4/19.10.2019 |
| 179/2020 | ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ | 50000 | 39258 | 7/24.03.2020 |
| 180/2020 | ഹോമിയോ ആശുപത്രിക്ക് ഫർണ്ണീച്ചർ | 25000 | 24999 | 6/30.03.2020 |

പ്രോജക്ട് നം 178/2020

| Sl No | Descripton Of Goods | Qty | Rate | Amount |
|---|---|---|---|---|
| 1 | Steel Rack In Rom 3 Sides | 1 | 35500 | 35500 |
| 2 | Vinyl Flooring(12’6”X13’1”) | 1 | 9750 | 9750 |
| 3 | 6.24 Ft Chavitti Green | 1 | 4650 | 4650 |
| 4 | Aqua Sure Water Purifier | 1 | 6600 | 6600 |
| 5 | Sphygmomanometer | 1 | 4500 | 4500 |
| 6 | Stethoscope | 1 | 1950 | 1950 |
| 7 | Addressing Board For Doctor And Table Name Board | 1 | 3850 | 3850 |
| 8 | 3 Fold Screen | 1 | 6750 | 6750 |
| 9 | Half Door With Auto Closer | 1 | 7500 | 7500 |
| 10 | Plastic Chair | 20 | 550 | 11000 |
| 11 | Airport Model 3 Seater | 2 | 9250 | 18500 |
| 12 | Examination Stool With Ss Top | 1 | 2250 | 2250 |
| 13 | Examination Table With Foot Step | 1 | 8850 | 8850 |
| 14 | Curtain 3.5x4’X8” | 1 | 2800 | 2800 |
| 15 | Curtain 4’7”X4’X10” | 1 | 3350 | 3350 |
| 15 | L Shape Table With Keyboard | 1 | 14750 | 14750 |
| 16 | Wooden /Furniture – Wooden Rack With Mdf Sheet | 1 | 50500 | 50500 |
| | Total | | | 193050 |
| | CGST & Sgst | | | 34749 |
| | LWF | | | 663 |
| | Kerala Flood Cess | | | 1930.5 |
| | Grand Total | | | 230392.5 |

പ്രോജക്ട് നം 179/2020

| Sl No | Descripton Of Goods | Qty | Rate | Amount |
|---|---|---|---|---|
| 1 | Wooden Furniture Hardwood Dispensable Table Of Size 4x4 | 1 | 11370 | 11370 |
| 2 | Stethoscope | 1 | 1650 | 1650 |
| 3 | Nebulizer | 1 | 3750 | 3750 |
| 4 | Thermometer | 1 | 115 | 115 |
| 5 | Glucometer | 1 | 1450 | 1450 |
| 6 | Strip For Glucometer | 100 | 22.75 | 2275 |
| 7 | Pulse Oxymeter | 1 | 3850 | 3850 |
| 8 | Sterilizer | 1 | 3200 | 3200 |
| 9 | Induction Cooker V Guard | 1 | 3990 | 3990 |
| 10 | Induction Based Steel Charuvam | 1 | 450 | 450 |
| 11 | Rechargeable Torch LED Bulb | 1 | 1650 | 1650 |
| | Total | | | 33750 |
| | CGST & Sgst | | | 5170.5 |
| | Kerala Flood Cess | | | 337.5 |
| | Grand Total | | | 39258 |

| പ്രോജക്ട് നം 180/2020 | | | | |
|---|---|---|---|---|
| Sl No | Descripton Of Goods | Qty | Rate | Amount |
| 1 | Aluminium Partition Work Of Size 8'X8'X6 | 1 | 17144 | 17144 |
| 2 | Window Curtain | 2 | 1940 | 3880 |
| | Total | | | 21024 |
| | Gst | | | 3784.32 |
| | LWF | | | 191 |
| | Grand Total | | | 24999.32 |

സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ 7.11.2019 ലെ ജി.ഒ(ആർ.റ്റി) 47/2019/എസ്.പി.ഡി, 14.11.2019 ലെ ജി.ഒ(ആർ.റ്റി) 48/2019/എസ്.പി.ഡി ഉത്തരവുകളിൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റീൽ, തടി ഫർണ്ണീച്ചറുകളാണ് ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്നും വാങ്ങാൻ കഴിയുന്നത്. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെടാത്ത സ്റ്റീൽ , തടി ഫർണ്ണീച്ചറുകൾ, ആശുപത്രി ഉപകരണങ്ങൾ, വിൻഡോ കർട്ടനുകൾ, പ്ലാസ്റ്റിക്ക്ചെയർ, വാട്ടർ പ്യൂരിഫയർ, ടോർച്ച്, ഇൻഡക്ഷൻ കുക്കർ മുതലായവ ആണ് പർച്ചേയ്സ് ചെയ്തിട്ടുള്ളത്. പ്രസ്തുത ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോയിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാനായി 11/12.08.2021-ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയ ഉത്തരവുകൾ ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ചുള്ളതായിരുന്നില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ടെണ്ടർകൂടാതെ ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം ലഭ്യാക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 കുട്ടികൾക്ക് യോഗപരിശീലനം-അധികപ്രതിഫലം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | 165/2020,കുട്ടികൾക്ക് യോഗപരിശീലനം |
| അടങ്കൽ | 24000( വികസന ഫണ്ട്) |
| ചെലവ് | 24000 |
| ബിൽ നം/തീയതി | 15/18.03.2020 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |

കുട്ടികൾക്ക് യോഗപരിശീലനം നൽകിയതിന്റെ പ്രതിഫലമായി ജനുവരി മാസത്തിലും ഫെബ്രുവരി മാസത്തിലും 12000 രൂപ വീതം യോഗ പരിശീലകന് നൽകിയിട്ടുണ്ട്. 2020 ജനുവരി മാസം 21 സെഷനുകളും ഫെബ്രുവരി മാസത്തിൽ 19 സെഷനുകളും ചേർത്ത് ആകെ 40 സെഷനുകൾക്കായിരുന്നു പ്രതിഫലം നൽകേണ്ടിയിരുന്നത്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (സ.ഉ(കൈ)നം22/2018/ത.സ്വ.ഭ.വ തീയതി 14.02.2018) ഒരു സെഷന് 400രൂപയും ഒരു മാസം പരമാവധി 12000 രൂപയുമാണ് അനുവദിക്കാവുന്നത്. ജനുവരി മാസത്തിൽ 21 സെഷനുകൾക്കായി 8400രൂപയും ഫെബ്രുവരി മാസത്തിൽ 19 സെഷനുകൾക്കായി 7600രൂപയും ചേർത്ത് പരിശീലകന് നൽകാവുന്ന ആകെ പ്രതിഫലം 16000 രൂപയാണ്. 8000 രൂപ അധികപ്രതിഫലം നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/18.08.2021) മറുപടിയായി 2020 മാർച്ച് മാസത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈനായി 20 ദിവസം കൂടി ക്ലാസ്സ് നൽകിയതിനാലാണ് 24000രൂപ പ്രതിഫലം നൽകിയതെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ടി മറുപടി തൃപ്തികരമല്ല.

ഫയലിൽ മാർച്ച് മാസത്തെ യോഗ ക്ലാസ്സ് സംബന്ധിച്ചുള്ള യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല. യോഗ പരിശീലകൻ മാർച്ച് മാസം തുക കൈപ്പറ്റിയതിന്റെ രേഖകളും ഫയലിൽ ഇല്ല. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ മസ്റ്റർ റോൾ പരിശോധിച്ചതിൽ മാർച്ച് മാസം യോഗ സെക്ഷനുകൾ നടന്നിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം മാർച്ച് , ഫെബ്രുവരി മാസങ്ങളിലെ യോഗ സെഷനുകൾക്കാണ് 12000രൂപ വീതം പ്രതിഫലം നൽകിയതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മാർച്ച് മാസത്തെ തുക കൂടി ആകെ നൽകിയ പ്രതിഫലത്തിൽ ഉൾപ്പെട്ടിരുന്നു എന്ന മറുപടി ന്യായീകരിക്കാവുന്നതല്ല. അധികം ചെലവഴിച്ച തുക മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി

താഴെപ്പറയും പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുകകൾ കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം | അടങ്കൽ | ആകെചെലവ് | മരുന്നുകൾക്ക് ചെലവഴിച്ച തുക, ബിൽ നം /തീയതി |
|---|---|---|---|---|
| 1 | പാലിയേററീവ് കെയർ3/2021 | 604820 | 584800 | 4820<br>41/31.03.20 |
| 2 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ,10/2021 | 300000 | 300000 | 200000<br>7/19-20<br>31.08.2019<br>100000<br>23/19-20<br>14.01.20 |
| 3 | ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി | 350000 | 349999 | 175000<br>8/19-20<br>31.08.201<br>150000<br>24/19-20<br>24.01.20<br>24999<br>37/19-20<br>20.03.20 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ടി.പ്രോജക്ടുകൾക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുള്ളത് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(22/27.08.2021) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്ത് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവുകളുടെ വിശദാംശം ലഭ്യമാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 28.05.2019ലെ 51900120-ാം നമ്പർ വൗച്ചർ പ്രകാരം 130000 രൂപ (ചെക്ക് നം-4875/29.05.2019) പിൻവലിച്ച് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി. വൗച്ചർ പ്രകാരമുള്ള ചെലവുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എൻക്വയറി(16/18.08.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 അസി.എഞ്ചിനീയർ സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഖ-15.6.1)എന്നാൽ സ്ഥാപനത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ച നൽകിയതുമായ സെക്യൂരിറ്റികളുടെ വിവരം പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-29 സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു

197 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 86188 രൂപയാണ് പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ നിജപ്പെടുത്താതെയാണ് ഇപ്രകാരം വെള്ളക്കരം ഒടുക്കുന്നത്. 21.02.19-ലെ നം.ഡി.എ.1/17/2019/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി സംയുക്ത പരിശോധന നടത്തണമെന്നും കോളനികളിലെ ഒഴികെയുള്ള സ്ഥലങ്ങളിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തിലെ ഒരു പ്രധാന ആവർത്തന ചെലവ് എന്ന നിലയിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കാതെ വെള്ളക്കരം ഒടുക്കുന്നത് ശരിയായ നടപടിയല്ല. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | അഗതി ആശ്രയ പദ്ധതി | 200000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 0 | 500000 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 300000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 0 | 300000 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 600000 | ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി | 554991 | 45009 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 1000000 | വന്യ മൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 918849 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 918849 |
| ജില്ലാ പഞ്ചായത്ത് | 405317 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 0 | 405317 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഗതാഗത തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(34/20) | 21900934/ 31.12.2019 | 276924 | 276924 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഗതാഗത തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(വാർഡ് 3) | 21901040/ 28.01.2020 | 40047 | 40047 | 0 |
| കേരള വാട്ടർ അതോറിറ്റി | മഹാദേവർ ക്ഷേത്രം ഇലവനാമുക്കട റോഡിൽ നിന്നും പൈപ്പ് ലൈൻ റ്റി.വി റോഡിലേയ്ക്ക് നീട്ടൽ(വാർഡ് 1) | 21901037/ 28.01.2020 | 200000 | 200000 | 0 |
| കേരള വാട്ടർ അതോറിറ്റി | മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(വാർഡ് 13) | 21901023/ 16.01.2020 | 200000 | 200000 | 0 |
| കേരള വാട്ടർ അതോറിറ്റി | മണ്ണീറ കുടിവെള്ള പദ്ധതി – പള്ളിമുരുപ്പ് ഭാഗത്തെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(വാർഡ് 9) | 21900892/ 13.12.2020 | 100000 | 100000 | 0 |
| ഭൂജല വകുപ്പ് | മണ്ണീറ ഹോമിയോ ആശുപത്രിക്ക് കുടിവെള്ള സൗകര്യം | 21900934/ 31.12.2020 | 146000 | 146000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെ.യു.ആർ.ഡി.എഫ്.സി | 2349844 | 2349844 | 485294 | | 1864550 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2004-05 | 1-1(1)(1) | 2004-05 | 1.1(1)(1) | മരാമത്ത് പണികൾ(പൊതു പരാമർശം) | നിലനിൽക്കുന്നു |
| 2 | 2004-05 | 1-11 | 2004-05 | 1.11 | നികുതികളും വിഹിതങ്ങളും ഒടുക്ക് വരുത്തുന്നില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 3 | 2004-05 | 2-2 | 2004-05 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയാക്കിയില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 4 | 2004-05 | 2-3 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടിയത് (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 5 | 2004-05 | 2-4 | 2004-05 | 2.4 | കാർഷിക യന്ത്രവൽക്കരണം (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 6 | 2007-08 | 3-13 | 2007-08 | 3.13 | തെരുവ് വിളക്ക് മീറ്റർ, ഡെപ്പോസിറ്റ് വർക്കുകളുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ്, നികുതി പിരിവ് (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 7 | 2011-12 | 2-3 | 2011-12 | 2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 8 | 2014-15 | 2-1 | 2014-15 | 2.1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 9 | 2014-15 | 2-2 | 2014-15 | 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 10 | 2015-16 | 2-2 | 2015-16 | 2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73566805 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60071314 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1277698 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-20 | 1139698 | ശ്രീമതി റീന പദ്മനാഭൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ (848250 രൂപ) ശ്രീമതി ശാന്തകുമാരിയമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ (291448 രൂപ) |
| 1-24 | 8000 | ഡോ. അരുൺ പ്രതാപ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-26 | 130000 | ഡോ. അരുൺ പ്രതാപ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ശ്രീമതി ശാന്തകുമാരിയമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീഹരി , അങ്ങാടിക്കൽ നോർത്ത് പി.ഒ., കൈപ്പട്ടൂർ |
| ശ്രീമതി റീന പദ്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രാമനിലയം, ചേർത്തല പി.ഒ., ആലപ്പുഴ, 688524 |
| ഡോ. അരുൺ പ്രതാപ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | കണ്ടത്തിൽ പറമ്പിൽ, കോട്ടപ്പുറം റോഡ്, |

| | | |
|---|---|---|
| | | ആരൂർ പി.ഒ., ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03 തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03 തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03 തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03 തീയതി 28-10-04 | 2 |
| 2001-02 (വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08 തീയതി 23-04-09 | 1 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08 തീയതി 31-05-09 | 16 |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07തീയതി 17-03-08 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12 | 1 |
| 2004-05 | എൽ.എഫ് പി.റ്റി.എ-പി9/204/10 തീയതി 11-1-11/17-4-12 | 3 |
| 2005-06 | എൽ. എഫ് പി.റ്റി.എ-പി9/970/11 തീയതി 12-12-11/2-5-12 | 2 |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11 തീയതി 12-12-11 | 3 |
| 2007-08 | എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12 | 4 |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12 തീയതി 06-06-12 | 3 |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12 | 11 |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13 തീയതി 21-10-13 | 5 |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13 തീയതി 30-11-13 | 6 |
| 2012-13 | എൽ. എഫ് പി.റ്റി.എ-പി9/261/15 തീയതി 15-7-15/21-7-15 | 16 |
| 2013-14 & 2014-15 | എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017 | എല്ലാ ഖണ്ഡികകളും |
| | | |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി9/1626/18 തീയതി 07-01-2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി9/199/20 തീയതി 20.03.2020 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്